## പതിമൂന്നാം കേരള നിയമസഭ

### പത്താം സമ്മേളനം

<u>നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.11</u> <u>06.01.2014 ൽ മറുപടിയ്ക്ക്</u>

### <u>ജനസമ്പർക്ക പരിപാടിയുടെ രണ്ടാംഘട്ടം</u>

<u>ചോദ്യം</u>

ശ്രീ.തേറമ്പിൽ രാമകൃഷ്ണൻ
" കെ.മുരളീധരൻ
" റ്റി.എൻ.പ്രതാപൻ
" ആർ.സെൽവരാജ്

<u>മറുപടി</u>

ശ്രീ.ഉമ്മൻ ചാണ്ടി
(മുഖ്യമന്ത്രി)

| | |
|---|---|
| എ) ജനസമ്പർക്ക പരിപാടിയുടെ രണ്ടാംഘട്ടം പൂർത്തിയായിട്ടുണ്ടോ; | എ) പൂർത്തിയായിട്ടുണ്ട്. |
| ബി) പ്രസ്തുത പരിപാടിയുടെ ഒന്നാംഘട്ടത്തിൽ നിന്ന് വ്യത്യസ്തമായി എന്തെല്ലാം മാറ്റങ്ങളാണ് രണ്ടാംഘട്ടത്തിൽ വരുത്തിയിട്ടുള്ളത് ;<br><br>സി) പരാതികൾ സ്വീകരിക്കാനും അവയ്ക്ക് പരിഹാരം കാണുവാനും എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; | <u>ബി) + സി)</u><br>ഒന്നാംഘട്ടത്തിൽ നിന്നും വ്യത്യസ്തമായി അക്ഷയ സെന്ററുകൾ, താലൂക്ക് ഓഫീസ്, കളക്ട്രേറ്റ്, എന്നിവ മുഖേന ഓൺലൈനായിട്ടാണ് പരാതികൾ സ്വീകരിച്ചിട്ടുള്ളത്. ഇതുമായി ബന്ധപ്പെട്ട് ഒരു വെബ്പോർട്ടൽ രൂപീകരിച്ചിട്ടുണ്ട്. വിവിധ കേന്ദ്രങ്ങളിൽ സ്വീകരിക്കുന്ന പരാതികൾ ഈ വെബ്പോർട്ടൽ വഴി ബന്ധപ്പെട്ട ഓഫീസർമാർക്കു ലഭിക്കുകയും പരാതിയെപ്പറ്റി അന്വേഷിച്ച് 15 ദിവസത്തിനകം റിപ്പോർട്ട് സമർപ്പിക്കുകയും അതിനുശേഷം ബന്ധപ്പെട്ട കളക്ടർമാർ പരാതികളിൻമേൽ അവരുടെ ശുപാർശ രേഖപ്പെടുത്തി, അതാത് ജില്ലയുടെ |

| | |
|---|---|
| | ചുമതലയുള്ള മന്ത്രിയുടെ നേതൃത്വത്തിലുള്ള സ്ക്രീനിംഗ് കമ്മിറ്റി മുമ്പാകെ സമർപ്പിക്കുന്നു. മുഖ്യമന്ത്രി നേരിട്ട് പരിഹാരം കാണേണ്ടതാണെന്ന് സ്ക്രീനിംഗ് കമ്മിറ്റി തീരുമാനിക്കുന്ന പരാതിക്കാരെ മാത്രം സന്ദർശന സമയം നൽകി ജനസമ്പർക്ക ദിനത്തിൽ വിളിച്ചു വരുത്തുകയാണ് ചെയ്തിട്ടുള്ളത്. |
| ഡി) പ്രസ്തുത പരാതികളിൻമേൽ വകുപ്പു തലത്തിൽ എന്തെല്ലാം തുടർനടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വിശദമാക്കാമോ? | ഡി) ഓൺലൈനായി ലഭിച്ച പരാതികളിൽ ജില്ലാതല ഓഫീസർമാർ അന്വേഷണം നടത്തി റിപ്പോർട്ട് സമർപ്പിച്ചവയിൽ നടപടി സ്വീകരിച്ചിട്ടുണ്ട്. മറ്റു അപേക്ഷകളിൽ നടപടികൾ പുരോഗമിക്കുന്നു. |

Kulakuh

സെക്ഷൻ ഓഫീസർ